23-10-2021

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -23/10/2021

1. സംസ്ഥാനത്തുണ്ടായ കനത്ത പ്രകൃതിക്ഷോഭത്തിൽ സംഭവിച്ചിട്ടുള്ള കൃഷി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കൃഷി വകുപ്പ് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ തുറന്നതായി കൃഷി ഡയറക്ടർ അറിയിച്ചു. കർഷകർക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**സംസ്ഥാനതല കൺട്രോൾ സെൻറർ** - 9447210314

**ജില്ലാതല കൺട്രോൾ സെന്ററുകൾ**

| ജില്ല | നമ്പർ |
|---|---|
| തിരുവനന്തപുരം | 9446021290 |
| കൊല്ലം | 9447453040 |
| പത്തനംതിട്ട | 9495734107 |
| ആലപ്പുഴ | 9497787894 |
| കോട്ടയം | 9446430657 |
| എറണാകുളം | 9446518181 |
| ഇടുക്കി | 9447232202 |

| ജില്ല | നമ്പർ |
|---|---|
| തൃശ്ശൂർ | 9383473242 |
| മലപ്പുറം | 9846820304 |
| പാലക്കാട് | 9383471457 |
| കോഴിക്കോട് | 8547802323 |
| കണ്ണൂർ | 9447577519 |
| വയനാട് | 7012568399 |
| കാസർഗോഡ് | 8921995435 |

2. വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് ഇപ്പോൾ AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. ഇത് കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷി ഭവൻ മുഖേനയോ ചെയ്യാവുന്നതാണ്. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി AIMS പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

3. പ്രളയക്കെടുതി മൂലം മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രളയക്കെടുതി മൂലം ഉണ്ടായ നാശനഷ്ടങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും വിലയിരുത്തിയ ശേഷം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി അറിയിച്ചു. മഴക്കെടുതി പ്രാഥമിക വിലയിരുത്തലിൽ സംസ്ഥാനത്ത് 91 ഉരുക്കളും, 42 ആടുകൾ, 25032 കോഴികൾ, 274 തൊഴുത്തുകൾ, 29 ൽ പരം കോഴിക്കൂടുകൾ, അഞ്ച് ലക്ഷം രൂപയുടെ കാലിത്തീറ്റ ഉൾപ്പെടെ രണ്ട് കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നുണ്ട്. പ്രകൃതിക്ഷോഭത്തിനു സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ കന്നുകാലികളെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ ജില്ലാതല ദുരന്ത നിവാരണ അതോറിറ്റിയുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കാൻ വകുപ്പിലെ ജില്ലാതല ഓഫീസർമാർക്ക് നിർദ്ദേശവും നല്കിയിട്ടുണ്ട്.

4. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാ തലത്തിൽ ക്ഷീരവികസനം, മൃഗസംരക്ഷണം, മിൽമ തുടങ്ങിയ മേഖലകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതല ലൈവ് സ്റ്റോക്ക് ആന്റ്, പൗൾട്രി ദുരന്തനിവാരണ കമ്മിറ്റിക്കു രൂപം നൽകും എന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു.

5. കർഷകർക്ക് കാർഷിക പ്രശ്നങ്ങൾ ശാസ്ത്രജ്ഞരുമായി നേരിട്ട് ചർച്ച ചെയ്യാനും പ്രശ്നങ്ങൾ പരിഹരിക്കാനും കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരി സന്ദർശിക്കുക. ഇന്ന് (23.10.2021) രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ കർഷകർക്ക് സസ്യങ്ങളുടെ കേടുവന്ന ഭാഗവുമായോ വ്യക്തമായ ഫോട്ടോയുമായോ സർവകലാശാല സെന്റർ സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കാബേജ്, കോളിഫ്ളവർ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. തൈ ഒന്നിന് 2 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ10 മണിമുതൽ 5 മണിവരെ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയിൽ അവോക്കാഡോ, പേര, പ്ലാവ്, മാവ്, ചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട എന്നീ ഫല വൃക്ഷ തൈകളും, വേപ്പ്, കമുക്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുരുമുളക് എന്നീ തൈകളും, വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടികൾ

8. വെള്ളായണി കാർഷികകോളേജ് ആർ.ടി.ടി സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും വേണ്ടി കാർഷിക യന്ത്രങ്ങളിൽ പ്രവൃത്തിപരിചയം നൽകുന്നതിന് മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ട്രാക്ടർ, ടില്ലർ, ഞാറു നടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ എന്നിവയിലാണ് പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ബന്ധപ്പെടേണ്ട നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ വെള്ളായണി കാർഷികകോളേജ് ആർ.ടി.ടി സെന്ററിൽനേരിട്ട് ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

9. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"തെങ്ങു ചങ്ങാതിക്കൂട്ടം"** എന്ന വിഷയത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കായുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ആദ്യത്തെ ബാച്ചിൽ 20

പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രവുമായി **9400483754** എന്ന ഫോൺ നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

10. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കേരള ഹോർട്ടി കോർപ്പിന്റെ ആഭിമുഖ്യത്തിൽ ആവോലി കൃഷിഭവനിൽ ഈ മാസം **25,26,27** (ഒക്ടോബർ 25,26,27) തീയതികളിൽ **തേൻ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം** എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **9447910989** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം **25-ന്** (25/10/2021) രാവിലെ 10.30 മണിക്ക് **ഫാം ലൈസൻസിംഗ് നടപടിക്രമങ്ങൾ** എന്ന വിഷയത്തിലും 26-ന് രാവിലെ 10.30 ന് **ഡയറിഫാമുകളിലെ മാലിന്യസംസ്കരണം** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/qdo-ubsz-huc എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

ഫാം ഇൻഫർമേഷൻ ബ്യൂറോ